(ബി) നടപ്പുവർഷം ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് നികുതി പിരിവിന്റെ പുരോഗതി എത്ര ശതമാനമാണ്; ലക്ഷ്യമിട്ട തുകയും പിരിച്ചെടുത്ത തുകയും വകുപ്പ് അടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) ബഡ്ജറ്റിൽ വിഭാവനം ചെയ്തതിൽനിന്നും വ്യത്യസ്തമായി ഏതെങ്കിലും തരത്തിൽ അധികനികുതി വരവ് ലഭിക്കുന്നതിനിടയായിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 16/11/99-ൽ ന്യൂഡൽഹിയിൽ വച്ചു ചേർന്ന സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ധനമന്ത്രിമാരുടെയും യോഗത്തിൽ 1/1/2000 മുതൽ രാജ്യമൊട്ടാകെ ബാധകമായ തരത്തിൽ നികുതി നിരക്കുകളിൽ ഏകീകൃത ഫ്ളോർ റേറ്റുകൾ (Uniform floor rate) ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ എങ്ങനെ ബാധിക്കുമെന്നുള്ള കാര്യം പരിശോധിച്ചുവരുന്നു.

(ബി) 30/11/99-ലെ കണക്ക് ചുവടെ ചേർക്കുന്നു.

വിൽപ്പന നികുതി പിരിവ്	-	2090 കോടി
വിൽപ്പന നികുതി ടാർജറ്റ്	-	2745 കോടി
കാർഷികാദായ നികുതി പിരിവ്	-	6.25 കോടി
കാർഷികാദായ ടാർജറ്റ്	-	20 കോടി

(സി) ഇല്ല.

17 (305) സെയിൽസ് ടാക്സ് കളക്ഷൻ

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000- മാണ്ടിൽ 1999 ജൂൺ 30, സെപ്റ്റംബർ 30, നവംബർ 30 എന്നീ തീയതികളിൽ യഥാക്രമം എന്തു തുക വീതം സെയിൽസ് ടാക്സ് കളക്ഷൻ നടത്തണമെന്നാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഓരോ തീയതിയിലും എത്ര വീതം ഇങ്ങനെ കളക്ട് ചെയ്തു;

(സി) മുൻ വർഷം ഈ ഓരോ കാലഘട്ടത്തിലും സെയിൽസ് ടാക്സ് ഇനത്തിൽ എന്തു തുക വീതം കളക്ട് ചെയ്യണമെന്നു ലക്ഷ്യമിട്ടിരുന്നു;

(ഡി) എന്തു തുകവീതം കളക്ട് ചെയ്തു;

(ഇ) മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം മേൽപ്പറഞ്ഞ തീയതികളിൽ സെയിൽസ് ടാക്സ് കളക്ഷനിൽ കുറവു വന്നിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1999 ജൂൺ 30 വരെ 746.64 കോടി രൂപയും സെപ്റ്റംബർ 30 വരെ 2020.32 കോടി രൂപയും നവംബർ 30 വരെ 2745.04 കോടി രൂപയുമാണ് വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുക്കുന്നതിന് ലക്ഷ്യമിട്ടിരുന്നത്.

(ബി) ജൂൺ 30 വരെ 603.52 കോടി, സെപ്റ്റംബർ 30 വരെ 1497.12 കോടി, നവംബർ 30 വരെ 2090.36 കോടി രൂപയും പിരിച്ചെടുത്തു.

(സി) മുൻവർഷം ജൂൺ 30 വരെ വിൽപ്പന നികുതിയിനത്തിൽ 631.98 കോടി രൂപയും സെപ്റ്റംബർ 30 വരെ 1627.78 കോടി രൂപയും നവംബർ 30 വരെ 2298.06 കോടി രൂപയും ആണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത്.

(ഡി) 1998 ജൂൺ 30 വരെ 541.72 കോടിയും സെപ്റ്റംബർ 30 വരെ 1345.28 കോടിയും നവംബർ 30 വരെ 1853.30 കോടി രൂപയും പിരിച്ചെടുത്തിരുന്നു.

(ഇ) ഇല്ല.

(എഫ്)ചോദ്യം ഉദിക്കുന്നില്ല.

18 (306) വിൽപ്പന നികുതി കൃത്യമായി പിരിക്കുവാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ;

(ബി) വിൽപ്പന നികുതി വെട്ടിപ്പ് നടത്തിയവർക്കെതിരെ 1998-99 കാലത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്ര;

(സി) വിൽപ്പന നികുതി ഇനത്തിൽ കുടിശ്ശിക വരുത്തുന്നവർക്ക് തിരിച്ചടവിന് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള സമയബന്ധിത പരിപാടി വിശദീകരിക്കാമോ;

(ഡി) 1998-99 കാലത്ത് കുടിശ്ശികയിനത്തിൽ തിരിച്ചടച്ച നികുതി എത്ര വരും എന്നു വിശദമാക്കാമോ?

ഉത്തരം

(എ) വിൽപ്പന നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1. മാസാന്ത റിട്ടേണുകൾ പരിശോധിച്ച് ടാക്സബിൾ ടേണോവറിൻമേൽ അടക്കാൻ ബാദ്ധ്യസ്ഥമായ നികുതി അടച്ചിട്ടുണ്ടോ എന്നു പരിശോധിക്കുന്നു.

2. റിട്ടേണുകൾക്കൊപ്പം അയച്ചിട്ടുള്ള ചെക്കുകളും ഡ്രാഫ്റ്റുകളും ചെലാൻ എഴുതി ഉടൻതന്നെ കളക്ഷനുവേണ്ടി ബന്ധപ്പെട്ട ബാങ്കുകളിലേയ്ക്ക് അയയ്ക്കുന്നു.

3. കച്ചവടക്കാരുടെ കണക്കുകൾ യഥാസമയം പരിശോധിച്ച് അസസ്മെന്റ് പൂർത്തിയാക്കുകയും കുടിശ്ശികയ്ക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly